കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല-കുഴൂർ ഗ്രാമ പഞ്ചായത്ത് സ്ഥലം പാട്ടത്തിന് നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.1892/2014/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 19.7.2014.

പരാമർശം :- 1. കുഴൂർ ഗ്രാമ പഞ്ചായത്തിന്റെ 29/1/2014, 22/4/2014 എന്നീ തീയതികളിലെ 1,10 നമ്പർ തീരുമാനങ്ങൾ.

2. കുഴൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 4/2/2014 ലെ എ1 5359/11 കത്ത്.

3. തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16/5/2014 ലെ എം1 3610/2014 നമ്പർ കത്ത്.

4. പഞ്ചായത്ത് ഡയറക്ടറുടെ 20/6/2014 ലെ സി2 19145/14 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ കുഴൂർ ഗ്രാമ പഞ്ചായത്ത് വക കാക്കുളിശേരി വില്ലേജ് സർവ്വേ 247/1, 249/4 ൽപ്പെട്ട 1 ഏക്കർ 27 സെന്റ് ഭൂമി ടിഷ്യൂ കൾച്ചർ ലാബ് സ്ഥാപിക്കുന്നതിനായി ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് (TBGRI) സെന്റിന് പ്രതിവർഷം 100 രൂപ നിരക്കിൽ 99 വർഷത്തേക്ക് പാട്ടത്തിന് നല്കുന്നതിന് ടി ഗ്രാമ പഞ്ചായത്ത് പരാമർശം(1) പ്രകാരം തീരുമാനിച്ച് പരാമർശം(2) പ്രകാരം സെക്രട്ടറി അനുമതിക്കായി അപേക്ഷിച്ചു. ടി പ്രൊജക്ട് നടപ്പാക്കുന്നത് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും TBGRI യും സംയുക്തമായിട്ടാണ്. സ്ഥലം പാട്ടത്തിന് നല്കുന്നതിന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം(3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർവ്വേ 247/1, 249/4 ൽപ്പെട്ട 1 ഏക്കർ 27 സെന്റ് ഭൂമി ടിഷ്യൂ കൾച്ചർ ലാബ് സ്ഥാപിക്കുന്നതിനായി ട്രോപ്പിക്കൽ ബൊട്ടാണിക്കൽ

...2/ -

ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് (TBGRI) സെന്റിന് പ്രതിവർഷം 100 രൂപ നിരക്കിൽ 99 വർഷത്തേക്ക് പാട്ടത്തിന് നല്കുന്നതിന് കുഴൂർ ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

കെ.കെ. രാജഗോപാലൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
ഡയറക്ടർ,ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കരിമാൻകോട്, പി.ഒ, പച്ച പാലോട് , തിരുവനന്തപുരം 695562
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ തിരുവനന്തപുരം 695003
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ) കേരള,തിരുവനന്തപുരം
സെക്രട്ടറി ,കുഴൂർ ഗ്രാമ പഞ്ചായത്ത് , കുഴൂർ പി.ഒ, തൃശ്ശൂർ 680734
ജില്ലാ കളക്ടർ,തൃശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ